"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സിനെതിരായ അച്ചടക്ക നടപടി - പുനഃപരിശോധനാ ഹർജി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1654/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 15/09/2020**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.01.2014-ലെ ഇ2-(എസ് സി 55/2013/കെഎൽഎം) 25215/2013നമ്പർ കത്ത്

2 സ.ഉ. (സാധാ) നം.2054/2017/തസ്വഭവ തീയതി 20.06.2017

3 സ.ഉ. (സാധാ) നം.3619/2017/തസ്വഭവ തീയതി 09.11.2017

4 ശ്രീ. സി. അലക്സിന്റെ ഭാര്യ ശ്രീമതി. മിനി അലക്സ് സമർപ്പിച്ച 15.11.2017-ലെ പുനഃപരിശോധനാ ഹർജി

**<u>ഉത്തരവ്</u>**

വിളക്കുടി ഗ്രാമപഞ്ചായത്തിൽ 2013 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തി സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തിയവർക്കെതിരെ നടപടിയെടുക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഒരാളായ അന്നത്തെ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. അലക്സിനെതിരെ കെ.സി.എസ്.(സി.സി.&എ) പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും നടപടിക്രമങ്ങൾ പാലിച്ച് പരാമർശം (2) പ്രകാരം ശ്രീ. സി. അലക്സിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. സി. അലക്സ് സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് പരാമർശം (3) പ്രകാരം തീർപ്പാക്കിയിരുന്നു.

തുടർന്ന് ശ്രീ. സി.അലക്സിന്റെ ഭാര്യ മുഖേന പരാമർശം (4) പ്രകാരം വീണ്ടും പുനഃപരിശോധന ഹർജി സർക്കാരിൽ ലഭ്യമാക്കുകയും പ്രസ്തുത പുനഃപരിശോധനാ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. സി. അലക്സിനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ ചുവടെ ചേർക്കുന്ന വാദങ്ങൾ ബോധിപ്പിച്ചു

തന്റെ ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പുറപ്പെടുവിച്ച 20.06.2017-ലെ സ.ഉ.(സാധ) 2054/17/തസ്വഭവ ഉത്തരവിൽ സെക്ഷൻ ക്ളർക്ക് ശ്രീ. ഷിബു തോമസിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞാണ് തീർപ്പാക്കിയിരുന്നതെന്നും, താൻ കുറ്റം ചെയ്യാത്തതിനാൽ ശിക്ഷ ഒഴിവാക്കണമെന്നും ശിക്ഷ മാനസികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്. 2013 - ൽ ഈ പ്രവൃത്തി നടക്കുമ്പോൾ 03.05.2013-ലെ 22963/DC1/13/LSGD എന്ന നമ്പറിലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതു സംബന്ധമായ ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും ലഭ്യമായിരുന്നില്ലെന്നും 28.04.2014-ലെ 22501/DC1/14/LSGD നമ്പർ സർക്കുലർ പ്രകാരമാണ് ഫണ്ട് അക്കൗണ്ടിലൂടെ വിനിയോഗിക്കണമെന്ന് വ്യക്തമാക്കി, മാർഗ്ഗനിർദ്ദേശങ്ങൾ

ളതെന്നും, വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിക്ക് ശുപാർശ ചെയ്ത ഓവർസിയർ,

മെമ്പർമാർ എന്നിവർക്കെതിരെയൊന്നും ഇതുവരെയായും നടപടി സ്വീകരിച്ചിട്ടില്ലെന്നും,

ാരായ ശ്രീമതി. കെ മായാദേവി, ശ്രീമതി. മേഴ്സി കുര്യൻ എന്നിവർക്ക് താക്കീത് നൽകി

ടിയാളുകൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയിട്ടുണ്ടെന്നും സമാനമായ കുറ്റാരോപണത്തിനാണ് വ്യത്യസ്ഥമായ തീവ്രതയിൽ ശിക്ഷ നൽകിയിരിക്കുന്നതെന്നും ശ്രീ. സി. അലക്സ് ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീ. സി. അലക്സ് നേരിൽ കേട്ട വേളയിൽ അറിയിച്ച കാര്യങ്ങളിൽ, വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ച വാർഡ് മെമ്പർമാർ, ഓവർസീയർ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചില്ല എന്നതൊഴികെയുള്ളതെല്ലാം തന്നെ നേരത്തേ പരിഗണിച്ചിട്ടുള്ളതാണെന്ന് കാണുന്നു. അധിക വിവരങ്ങളോ പുന:പരിശോധിക്കുന്നതിനുള്ള മറ്റ് പ്രസക്തമായ വിവരങ്ങളോ നൽകിയിട്ടില്ല. എന്നാൽ ഉത്തരത്തിൽ ശിക്ഷ വിധിച്ചത് തന്നെ മാനസികമായി വളരെ ബുദ്ധിമുട്ടിക്കുന്നുവെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിക്ക് ശുപാർശ ചെയ്ത ഓവർസിയർ, പഞ്ചായത്ത് മെമ്പർമാർ എന്നിവർക്കെതിരെയൊന്നും ഇതുവരെയായും നടപടി സ്വീകരിച്ചിട്ടില്ലായെന്നും തന്നെ മാത്രം ശിക്ഷിച്ചുവെന്നും 1 5 പഞ്ചായത്ത് മെമ്പർമാർക്കെതിരെ നടപടിയെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനടപടി നിർത്തിവച്ചിരിക്കുകയാണ് എന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ഇക്കാര്യം പരിശോധിച്ചതിൽ ഓവർസിയർമാരായി ജോലി ചെയ്തിരുന്ന ശ്രീമതി. കെ മായാദേവി, ശ്രീമതി. മേഴ്സി കുര്യൻ എന്നിവർക്ക് താക്കീത് നൽകി ടിയാളുകൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിനായി 16.07.2013-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 10,000/- രൂപ വീതം എല്ലാ വാർഡ് മെമ്പർമാർക്കും വിതരണം ചെയ്തതായി അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്നും വാർഡ് മെമ്പർമാർ തുക കൈപ്പറ്റി എങ്കിലും നിശ്ചയിക്കപ്പെട്ട പ്രവൃത്തി ചെയ്തതായി കാണുന്നില്ലായെന്ന് വിജിലൻസ് ഡയറക്ടർ അറിച്ചിരിക്കുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ടെന്നും ഒരേ കുറ്റത്തിന് ഉദ്യോഗസ്ഥർക്ക് ശിക്ഷ നടപ്പിലാക്കുകയും പ്രതികളായി വിജിലൻസ് ശുപാർശ ചെയ്തിട്ടുള്ള ജനപ്രതിനിധികളെ വിട്ടതൽ ചെയ്യുകയും ചെയ്യുന്നത് ഉചിതമല്ല എന്നതിനാൽ തിരികെ ഈടാക്കേണ്ടതായി നിശ്ചയിച്ചിരിക്കുന്ന തുകയിൽ ഓരോ അംഗങ്ങളും കൈപ്പറ്റിയ തുക എങ്കിലും ഈടാക്കേണ്ടതാണെന്ന് കാണുന്നതിനാൽ ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

മുകളിൽ പരാമർശിച്ച വസ്തുതകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സിനെതിരെ പരാമർശം (2) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പുന:പരിശോധിച്ച്, ആയതിൽ ഇളവു വരുത്തി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേക്ക് തടഞ്ഞ്, അപ്രകാരം പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സി. അലക്സ്, മുൻ സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/234/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SU[illegible]HEER S S
Date: 2020.09.16 [illegible]2:21 IST
Reason: Approved

സെക്ഷൻ ഓഫീസർ